**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - ശ്രീ.വി.കെ.രത്നസിംഗ്, ശ്രീ.പി.എം.സുരേഷ്, സൂപ്രണ്ട് ഗ്രേഡ് I - ജില്ലാ സാമൂഹ്യനീതി ഓഫീസർ തസ്തികയിലേയ്ക്ക് താത്ക്കാലിക ഉദ്യോഗക്കയറ്റം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ. (സാധാ) നം. 296/2015/സാ.നീ.വ. തീയതി, തിരുവനന്തപുരം: 30.05.2015.

==========================================================================

പരാമർശം:- 1. സ.ഉ (പി) നം. 77/2012/സാ.ക്ഷേ.വ. തീയതി 27.12.2012.
2. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 25.05.2015-ലെ ഇ11/20171/13 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

സാമൂഹ്യനീതി വകുപ്പിൽ സൂപ്രണ്ട് ഗ്രേഡ് I ആയി ജോലി നോക്കി വരുന്നതും സൂപ്രണ്ട് ഗ്രേഡ് I/റീജിയണൽ ഡൗറി പ്രൊഹിബിഷൻ ഓഫീസർ/സീനിയർ സൂപ്രണ്ടുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ രണ്ടാമനായി വരുന്നതുമായ ശ്രീ.പി.എം.സുരേഷ് 31.05.2015-ൽ സർവ്വീസിൽ നിന്നും വിരമിക്കുന്നതിനാൽ ടിയാനും ടിയാന്റെ സീനിയറായ ശ്രീ.വി.കെ.രത്നസിംഗിനും സാമൂഹ്യനീതി ഓഫീസറുടെ നിലവിലുള്ള ഒഴിവിലേയ്ക്ക് താത്ക്കാലിക ഉദ്യോഗക്കയറ്റം നൽകി നിയമിക്കണമെന്ന് പരാമർശം (2) പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിലും ജില്ലാ സാമൂഹ്യനീതി ഓഫീസർ തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റത്തിനുള്ള സെലക്ട് ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിലും, താത്ക്കാലിക ഉദ്യോഗക്കയറ്റം അനുവദിക്കുന്നതിനുള്ള വിലക്ക് ഇളവ് ചെയ്ത് കോഴിക്കോട് എച്ച്.എം.ഡി.സി-യിലെ ഗ്രേഡ് I സൂപ്രണ്ട് ശ്രീ.വി.കെ.രത്നസിംഗിന് വയനാട് ജില്ലാ സാമൂഹ്യനീതി ഓഫീസറായും 31.05.2015-ൽ

സർവ്വീസിൽ നിന്നും വിരമിക്കുന്ന മലപ്പുറം വൃദ്ധസദനം സൂപ്രണ്ട് ഗ്രേഡ് I ശ്രീ.പി.എം.സുരേഷിന് ആലപ്പുഴ ജില്ലാ സാമൂഹ്യനീതി ഓഫീസറായും താത്ക്കാലിക ഉദ്യോഗക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**എ.ഷാജഹാൻ**
സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ.വി.കെ.രത്നസിംഗ്, സൂപ്രണ്ട് ഗ്രേഡ് I } (സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ മുഖേന)
ശ്രീ.പി.എം.സുരേഷ്, സൂപ്രണ്ട് ഗ്രേഡ് I }
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ-മാതൃഭാഷ-"

## സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ : വി.എൻ.ജിതേന്ദ്രൻ)

തിരുവനന്തപുരം

ഉത്തരവ് നം.: E11-20171/13. തീയതി: 30-5-2015

വിഷയം: സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം - ജില്ലാ സാമൂഹ്യനീതി ഓഫീസർ തസ്തികയിലേയ്ക്ക് താത്ക്കാലിക ഉദ്യോഗക്കയറ്റം - ചുമതല ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: സ.ഉ(സാധാ)നം.296/2015/സാ.നീ.വ തീയതി: 30/5/15.

പരാമർശിത സർക്കാർ ഉത്തരവ് പ്രകാരം ക്ഷേമസ്ഥാന സൂപ്രണ്ട് ഗ്രേഡ് I തസ്തികയിൽ ജോലി ചെയ്ത് വരുന്ന ശ്രീ.വി.കെ.രത്നസിംഗ്, ശ്രീ.പി.എം.സുരേഷ് എന്നീ ജീവനക്കാർക്ക് ജില്ലാ സാമൂഹ്യനീതി ഓഫീസർ തസ്തികയിൽ താൽക്കാലിക ഉദ്യോഗക്കയറ്റം നൽകി യഥാക്രമം വയനാട്, ആലപ്പുഴ ജില്ലകളിൽ നിയമിച്ച് ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പ്രസ്തുത ജീവനക്കാരെ വിടുതൽ ചെയ്യുന്നതിനായി ടി ജീവനക്കാർ വഹിക്കുന്ന ചുമതലകൾ അവരവരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന ജീവനക്കാർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | വിടുതൽ ചെയ്യേണ്ട ജീവനക്കാരന്റെ പേര് തസ്തിക, കാര്യാലയം | പൂർണ്ണ അധിക ചുമതല ഏറ്റെടുക്കേണ്ട ജീവനക്കാരന്റെ പേര്, തസ്തിക കാര്യാലയം |
|---|---|---|
| 1. | ശ്രീ. വി.കെ.രത്നസിംഗ്<br>സൂപ്രണ്ട്,<br>HMDC, കോഴിക്കോട്. | ശ്രീ. എം.കെ.മുരളീധരൻ നായർ<br>സൂപ്രണ്ട് ഗ്രേഡ് I<br>ചിൽഡ്രൻസ് ഹോം (ബോയ്സ്)<br>കോഴിക്കോട്. |
| 2. | ശ്രീ. പി.എം.സുരേഷ്<br>സൂപ്രണ്ട്, വൃദ്ധസദനം<br>മലപ്പുറം. | ശ്രീ.കെ.എം.ഷെരീഫ് ഷൂജ<br>സീനിയർ സൂപ്രണ്ട്,<br>ജില്ലാതല ICDS സെൽ, മലപ്പുറം. |

ജില്ലാ സാമൂഹ്യനീതി ഓഫീസർമാരായി താൽക്കാലിക ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ള ജീവനക്കാർ അടിയന്തിരമായി ചുമതല ഏറ്റെടുക്കേണ്ടതും,വിടുതൽ / പ്രവേശനം സംബന്ധിച്ച വിവരങ്ങൾ ഈ കാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഒപ്പ്)

**സാമൂഹ്യനീതി ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്.

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം. (with C/L)
2. മേഖല അസിസ്റ്റന്റ് ഡയറക്ടർ, കോഴിക്കോട് / തിരുവനന്തപുരം.
3. ജില്ലാ സാമൂഹ്യനീതി ഓഫീസർ, കോഴിക്കോട് / മലപ്പുറം / വയനാട്.
4. പ്രോഗ്രാം ഓഫീസർ, മലപ്പുറം, ആലപ്പുഴ.
5. ഇ1 മുതൽ ഇ13 വരെ.
6. സ്റ്റോക്ക് ഫയൽ/ സ്പെയർ.

**ഉത്തരവിൻപ്രകാരം**

സൂപ്രണ്ട്

db@15